പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 869 | 14-10-2026-ൽ മറുപടിയ്ക്ക്

**<u>വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ സംരക്ഷണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മണലൂർ നിയമസഭാ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ രൂക്ഷമായ കടലേറ്റം ഉണ്ടായിട്ടുള്ളതായും ഇതുമൂലം തീരദേശ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് ഉൾപ്പെടെയുള്ള തീരപ്രദേശം രൂക്ഷമായ കടൽക്ഷോഭത്തിനും കടലേറ്റത്തിനും വിധേയമാണ്.ഇവിടെ വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച കടൽഭിത്തികളിൽ പലതും അവയുടെ സ്വാഭാവിക ആയുസ്സ് അവസാനിക്കുന്ന ഘട്ടത്തിലാണ്.കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭ സാഹചര്യങ്ങളിൽ തീരദേശ പ്രദേശവാസികളുടെ ജീവനും സ്വത്തിനും നിലവിലുള്ള കടൽഭിത്തികൾ നൽകുന്ന സംരക്ഷണം അപര്യാപ്തമാണ്.

**(ബി)** കടലേറ്റം തടയുന്നതിനായി പ്രസ്തുത പ്രദേശത്ത് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ജലസേചനവും ഭരണവും ചീഫ് എൻജിനീയറുടെ കീഴിൽ കടലേറ്റം തടയുന്നതിനായി പ്രസ്തുത പ്രദേശങ്ങളിൽ 44 ലക്ഷം രൂപക്ക് 145 മീറ്റർ നീളത്തിൽ താൽക്കാലിക സംരക്ഷണ ഭിത്തി (കടൽഭിത്തി) നിർമ്മിച്ചിട്ടുണ്ട്.കൂടാതെ മിഷൻ ഡയറക്ടറേറ്റ് മുഖേന പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്ത് സ്ഥിരമായ പരിഹാരം കണ്ടെത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.ADB സഹായത്തോടെ നടപ്പിലാക്കുന്ന കേരള സുസ്ഥിര തീരദേശ സംരക്ഷണ-കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ തീരസംരക്ഷണ ഉപപദ്ധതിയിൽ വാടാനപ്പള്ളി പ്രദേശവും ഉൾപ്പെടുത്തിയിട്ടുണ്ട്.ഈ പദ്ധതിക്ക് G.O.(Ms) No.33/2026/WRD തീയതി 15.03.2026 പ്രകാരം സർക്കാർ തത്ത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്.

**(സി)** വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ തീരദേശ പ്രദേശത്തെ സംരക്ഷിക്കുന്നതിനായി ശാസ്ത്രീയമായ സാങ്കേതിക പഠനം നടത്തി സ്ഥിരതയുള്ള തീരസംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനും ആവശ്യമായ ഭരണാനുമതിയും സാമ്പത്തിക അനുമതിയും നൽകി പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വാടാനപ്പള്ളി മുതൽ ചേറ്റുവ വരെ 5.6 കി.മീ. ദൂരത്തിൽ കേടുപാടുകൾ സംഭവിച്ച കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായി " വാടാനപ്പള്ളി മുതൽ ചേറ്റുവ വരെ 5.6 കി.മീ. ദൂരത്തിൽ കേടുപാടുകൾ സംഭവിച്ച കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായി "GENERAL-ASE Works 2026 - Additional protection of a new stretch at north of above stretch: N (10°30′23″N, 76°02'23"E) (Ethai Beach near Chettuva b/w CP 1380) to S(10°27′44″N, 76°03'48"E) (north of Vatanaappally Beach CP 1352)" എന്ന പ്രവൃത്തിക്ക് 236.00 കോടി ചെലവ് കണക്കാക്കിയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്.പ്രസ്തുത പദ്ധതി "4711-01-103-81-00-00-00 Kerala Sustainable Coastal Protection and Climate Resilience Planning Project WB/ADB" എന്ന ശീർഷകത്തിൽ ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**